# മധുരമായ കുട്ടികളേ - ബാബ ദാതാവാണ്, നിങ്ങൾ കുട്ടികൾക്ക് ബാബയോട് ഒന്നും തന്നെ യാചിക്കേണ്ട ആവശ്യമില്ല, യാചനയേക്കാൾ നല്ലത് മരണമാണ് എന്നൊരു ചൊല്ല് തന്നെ ഉണ്ട്

**ചോദ്യം:-** ഏതൊരു സ്മൃതി സദാ ഉണ്ടെങ്കിൽ ഒരു കാര്യത്തെക്കുറിച്ചുമുള്ള ചിന്തയോ സങ്കൽപ്പമോ ഉണ്ടായിരിക്കില്ല?

**ഉത്തരം:-** കഴിഞ്ഞ് പോയത് നല്ലതായാലും മോശമായാലും ഡ്രാമയിലുള്ളതായിരുന്നു. ചക്രം മുഴുവൻ പൂർത്തിയായാൽ വീണ്ടും ആവർത്തിക്കും. ഓരോരുത്തരും ഏതുപോലെ പുരുഷാർത്ഥം ചെയ്യുന്നുവോ അതിനനുസരിച്ച് പദവിയും ലഭിക്കും. ഈ കാര്യം സ്മൃതിയിലുണ്ടെങ്കിൽ ഏതൊരു കാര്യത്തെക്കുറിച്ചും ചിന്തയോ, സങ്കൽപ്പമോ ഉണ്ടാകില്ല. ബാബയുടെ നിർദ്ദേശമാണ് - കുട്ടികളേ, കഴിഞ്ഞ് പോയതിനെക്കുറിച്ച് ചിന്തിക്കാതിരിക്കൂ. തലതിരിഞ്ഞ യാതൊരു കാര്യവും കേൾക്കരുത്, കേൾപ്പിക്കരുത്. കഴിഞ്ഞ് പോയ കാര്യങ്ങൾ ചിന്തിക്കുകയോ ആവർത്തിക്കുകയോ ചെയ്യരുത്.

**ഓംശാന്തി.** ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛനിരുന്ന് മനസ്സിലാക്കി തരുന്നു. ആത്മീയ അച്ഛനെ ദാതാവെന്ന് പറയുന്നു. ആത്മീയ അച്ഛൻ സ്വയം തന്നെ എല്ലാം കുട്ടികൾക്ക് നൽകുന്നു. വിശ്വത്തിന്റെ അധികാരിയാക്കുന്നതിന് വേണ്ടി വരുന്നു. എങ്ങനെ ആയിത്തീരണം എന്നെല്ലാം കുട്ടികൾക്ക് മനസിലാക്കി തരുന്നു, നിർദ്ദേശങ്ങൾ നൽകി കൊണ്ടിരിക്കുന്നു. ദാതാവല്ലേ. അതിനാൽ സ്വയം തന്നെ എല്ലാം നൽകുന്നു. യാചിക്കുന്നതിനേക്കാൾ നല്ലത് മരണമാണ്. യാതൊന്നും തന്നെ യാചിക്കരുത്. ചില കുട്ടികൾ ശക്തി, ആശീർവാദം, ദയ എല്ലാം യാചിച്ച് കൊണ്ടിരിക്കുന്നു. ഭക്തിമാർഗത്തിൽ എല്ലാം യാചിച്ച്-യാചിച്ച് മുഴുവൻ പടികളും ഇറങ്ങി വന്നു. ഇപ്പോൾ യാചിക്കേണ്ട യാതൊരു കാര്യവും ഇല്ല. ബാബ പറയുന്നു നിർദ്ദേശമനുസരിച്ച് നടക്കൂ. ഒരിക്കൽ കൂടി പറയുന്നു കഴിഞ്ഞതിനെക്കുറിച്ച് ഒരിക്കലും ചിന്തിക്കാതിരിക്കൂ.ഡ്രാമയിൽ എന്തുണ്ടോ അത് കഴിഞ്ഞു. അതിനെക്കുറിച്ച് ചിന്തിക്കരുത്. ആവർത്തിക്കരുത്. ബാബ എന്നെ മാത്രം ഓർമ്മിക്കൂ എന്ന രണ്ടക്ഷരം മാത്രമാണ് പറയുന്നത്. ബാബ നിർദ്ദേശം അഥവാ ശ്രീമതം നൽകുന്നു. അതനുസരിച്ച് നടക്കുക എന്നത് കുട്ടികളുടെ കർത്തവ്യമാണ്. ഇതാണ് ഏറ്റവും ശ്രേഷ്ഠമായ നിർദ്ദേശം. ചിലർ എത്ര ചോദ്യോത്തരങ്ങൾ നടത്തിയാലും, ബാബയാകട്ടെ വെറും രണ്ടക്ഷരം മാത്രം മനസിലാക്കി തരുന്നു. ഞാൻ പതിതപാവനനാണ്. നിങ്ങൾ എന്നെ ഓർമ്മിച്ച് കൊണ്ടിരിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും. ഓർമ്മിക്കാനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ. ബാബയെ ഓർമ്മിക്കണം, എന്തെങ്കിലും പറയുന്നതിന്റേയോ ശബ്ദമുണ്ടാക്കുന്ന തിന്റേയൊ ആവശ്യമില്ല. മനസിൽ പരിധിയില്ലാത്ത ബാബയെ ഓർമ്മിച്ചാൽ മാത്രം മതി. മറ്റ് എന്ത് നിർദ്ദേശമാണ് നൽകുന്നത്? 84 ജൻമങ്ങളുടെ ചക്രത്തേ ഓർമ്മിക്കൂ കാരണം നിങ്ങൾക്ക് ദേവതയാകണം, നിങ്ങൾ അരകൽപ്പം ദേവതകളുടെ മഹിമ ചെയ്തു.

(കുട്ടി കരയുന്ന ശബ്ദം ഉണ്ടായി) ഇപ്പോൾ എല്ലാ സെന്റർ നിവാസികൾക്കും നിർദ്ദേശം നൽകുന്നു കുട്ടികളെ ആരും കൊണ്ട് വരരുത്. അവർക്ക് വേണ്ടി എന്തെങ്കിലും ഏർപ്പാട് ചെയ്യണം. ബാബയിൽ നിന്ന് ആർക്ക് സമ്പത്തെടുക്കണോ അവർ സ്വയം തന്നെ ഏർപ്പാട് ചെയ്യണം. ഇത് ആത്മീയ അച്ഛന്റെ യൂണിവേഴ്സിറ്റിയാണ്, ഇവിടെ ചെറിയ കുട്ടികൾക്ക് കാര്യമില്ല. ബ്രാഹ്മണിയുടെ (ടീച്ചറുടെ) ജോലിയാണ് സേവനത്തിന് യോഗ്യരാകുമ്പോൾ റിഫ്രഷ് ആക്കുന്നതിന് വേണ്ടി അവരെ കൊണ്ട് വരിക എന്നത്. എത്ര വലിയ ആളുകളായാലും ചെറിയവരായാലും ഇത് യൂണിവേഴ്സിറ്റിയാണ്. ഇത് യൂണിവേഴ്സിറ്റിയാണെന്ന് ഇവിടെ കുട്ടികളേ കൊണ്ട് വരുന്നവർ മനസിലാക്കുന്നില്ല. ഇത് യൂണിവേഴ്സിറ്റിയാണ് എന്നതാണ് മുഖ്യമായ കാര്യം. ഇവിടെ പഠിക്കുന്നവർ നല്ല വിവേകശാലികളായിരിക്കണം. മോശമായവർ ഉപദ്രവമുണ്ടാക്കി കൊണ്ടിരിക്കും കാരണം ബാബയുടെ ഓർമ്മയിലല്ലാത്തത് കാരണം ബുദ്ധി അവിടെയും ഇവിടെയും അലഞ്ഞ് കൊണ്ടിരിക്കും. നഷ്ടമുണ്ടാക്കും. ഓർമ്മയിലിരിക്കാൻ സാധിക്കില്ല. ചെറിയ കുട്ടികളെ കൊണ്ട് വരുന്നതിലൂടെ കുട്ടികൾക്ക് തന്നേയാണ് നഷ്ടമുണ്ടാകുക. ഇത് ഗോഡ്ഫാദറിന്റെ യൂണിവേഴ്സിറ്റിയാണ്, ഇവിടെ മനുഷ്യരിൽ നിന്ന് ദേവതയാകുന്നു എന്ന് ആരും മനസിലാക്കുന്നില്ല. ബാബ പറയുന്നു ഗൃഹസ്ഥവ്യവഹാരത്തിൽ കുട്ടികളോടും മക്കളോടുമൊപ്പം ഇരുന്നു കൊള്ളൂ, ഇവിടെ ഒരാഴ്ച എന്തിന് 3-4 ദിവസം തന്നെ ധാരാളമാണ്. ജ്ഞാനം വളരെ സഹജമാണ്. ബാബയെ തിരിച്ചറിയണം. പരിധിയില്ലാത്ത അച്ഛനെ ഓർമ്മിക്കുന്നതിലൂടെ പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. എങ്ങനെയുള്ള സമ്പത്താണ്?

പരിധിയില്ലാത്ത ചക്രവർത്തീ പദവി. പ്രദർശനിയിൽ അല്ലെങ്കിൽ മ്യൂസിയത്തിൽ സേവനം നടക്കുന്നില്ല എന്ന് വിചാരിക്കരുത്. എണ്ണമറ്റ പ്രജകൾ ഉണ്ടാകുന്നു. ബ്രാഹ്മണകുലം, സൂര്യവംശി, ചന്ദ്രവംശി – മൂന്നും ഇവിടെ സ്ഥാപിതമായി കൊണ്ടിരിക്കുന്നു. അതിനാൽ ഇത് വളരെ വലിയ യൂണിവേഴ്സിറ്റിയാണ്. പരിധിയില്ലാത്ത അച്ഛൻ പഠിപ്പിക്കുന്നു. ബുദ്ധി പൂർണമായും നിറഞ്ഞിരിക്കണം. എന്നാൽ ബാബ സാധാരണ ശരീരത്തിലാണ്. പഠിപ്പിക്കുന്നതും സാധാരണ രീതിയിലാണ്, അതിനാൽ ആളുകൾക്ക് മനസ്സിലാകുന്നില്ല. ഗോഡ്ഫാദറിന്റെ യൂണിവേഴ്സിറ്റി പിന്നീട് ഇങ്ങിനെ ആയി. ബാബ പറയുന്നു ഞാൻ ദരിദ്രരിൽ വസിക്കുന്നവനാണ്. ദരിദ്രരെ തന്നെയാണ് പഠിപ്പിക്കുന്നതും. ധനികർക്ക് പഠിക്കുന്നതിനുള്ള ശക്തിയില്ല. അവരുടെ ബുദ്ധിയിൽ കൊട്ടാരവും മട്ടുപ്പാവും മാത്രമായിരിക്കും. ദരിദ്രർ തന്നെയാണ് സമ്പന്നരാകുന്നത്, സമ്പന്നർ ദരിദ്രരാകും – ഇത് നിയമമാണ്. ധനികർക്ക് ദാനം ചെയ്യാറുണ്ടോ? ഇതും അവിനാശീ ജ്ഞാനരത്നങ്ങളുടെ ദാനമാണ്. ധനികർക്ക് ദാനം എടുക്കാൻ സാധിക്കില്ല. ബുദ്ധിയിലിരിക്കില്ല. അവർ അവരുടെ പരിധിയുള്ള ധന സമ്പത്തുകളിൽ കുടുങ്ങിയിരിക്കും. അവർക്ക് ഇവിടെ സ്വർഗം പോലെയാണ്. ഞങ്ങൾക്ക് വേറൊരു സ്വർഗം ആവശ്യമില്ല എന്ന് പറയും. ഏതെങ്കിലും വലിയ ആളുകൾ മരിക്കുകയാണെങ്കിൽ സ്വർഗത്തിൽ പോയി എന്ന് പറയും. ഇവർ സ്വർഗത്തിൽ പോയി എന്ന് സ്വയം പറയും. എങ്കിൽ തീർച്ചയായും ഇപ്പോൾ നരകമല്ലേ. എന്നാൽ നരകമെന്താണെന്ന് പോലും അറിയാത്ത കല്ലു ബുദ്ധികളും ഉണ്ട്. ഇത് നിങ്ങളുടെ എത്ര വലിയ യൂണിവേഴ്സിറ്റിയാണ്. ബാബ പറയുന്നു ആരുടെ ബുദ്ധിയാണോ പൂട്ടിയിട്ടിരിക്കുന്നത് അവരെ തന്നെയാണ് കൊണ്ട് വന്ന് പഠിപ്പിക്കേണ്ടത്. ബാബ എപ്പോൾ വരുന്നോ അപ്പോൾ പൂട്ട് തുറക്കുന്നു . ബാബ സ്വയം  നിർദ്ദേശം നൽകുന്നു – നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് എങ്ങിനെ തുറക്കും? ബാബയിൽ നിന്ന് ഒന്നും തന്നെ യാചിക്കരുത്, ഇതിൽ നിശ്ചയം വേണം. എത്ര പ്രിയങ്കരനായ ബാബയാണ്, ആ ബാബയെ തന്നെയാണ് ഭക്തിയിൽ ഓർമ്മിച്ചിരുന്നത്. ആരെയാണോ ഓർമ്മിച്ചിരുന്നത് അവർ തീർച്ചയായും ഒരിക്കൽ വരില്ലേ. വീണ്ടും അത് ആവർത്തിക്കുന്നതിന് തന്നെയാണ് ഓർമ്മിക്കുന്നത്. ബാബ വന്ന് കുട്ടികൾക്കാണ് മനസിലാക്കി തരുന്നത്. കുട്ടികൾ പിന്നീട് പുറമേയുള്ളവർക്ക് എങ്ങിനെ ബാബ വന്നിരിക്കുന്നു എന്നത് മനസിലാക്കി കൊടുക്കണം. എന്താണ് പറയുന്നത്? കുട്ടികളേ നിങ്ങളെല്ലാവരും പതിതരാണ്, ഞാൻ തന്നെയാണ് വന്ന് പാവനമാക്കുന്നത്. പതിതരായി തീർന്ന നിങ്ങൾ ആത്മാക്കൾക്ക് ഇപ്പോൾ പതിതപാവനനായ ബാബയെ മാത്രം ഓർമ്മിക്കണം, പരമമായ ആത്മാവാകുന്ന എന്നെ ഓർമ്മിക്കൂ. ഇതിൽ യാതൊന്നും യാചിക്കേണ്ട ആവശ്യമില്ല. നിങ്ങൾ ഭക്തിമാർഗത്തിൽ തീർത്തും തന്നെ യാചനയായിരുന്നു നടത്തിയിരുന്നത്, എന്നാൽ ഒന്നും തന്നെ ലഭിച്ചില്ല. ഇപ്പോൾ യാചന അവസാനിപ്പിക്കൂ. ഞാൻ സ്വയം തന്നെ നിങ്ങൾക്ക് നൽകുന്നു. ബാബയുടേതായതിലൂടെ സമ്പത്ത് ലഭിക്കുക തന്നെ ചെയ്യും. ആരാണോ മുതിർന്ന കുട്ടികൾ അവർ പെട്ടെന്ന് ബാബയെ മനസിലാക്കും. ബാബയുടെ സമ്പത്ത് തന്നെ സ്വർഗത്തിന്റെ ചക്രവർത്തീ പദവിയാണ്– അതും 21 ജന്മം. നരകവാസികളാകുമ്പോൾ ഈശ്വരാർപ്പണം ദാനപുണ്യങ്ങൾ ചെയ്യുന്നതിലൂടെ അൽപ്പകാല സുഖം ലഭിക്കുന്നു എന്ന് നിങ്ങൾക്കറിയാം. ധർമ്മാത്മാക്കളായ മനുഷ്യരും വരുന്നു. അവസരം അനുസരിച്ച് വ്യാപാരികളും വരുന്നു. ആരാണോ വ്യാപാരികൾ അവർ പറയും ഞങ്ങൾ ബാബയുമായി വ്യാപാരം ചെയ്യാൻ വേണ്ടി വന്നിരിക്കുന്നു. കുട്ടികൾ അച്ഛനുമായി വ്യാപാരം ചെയ്യുകയല്ലേ. അച്ഛന്റെ സമ്പത്തെടുത്ത് പിന്നീട് ശ്രാദ്ധം ഊട്ടുന്നു, ദാനപുണ്യങ്ങൾ ചെയ്യുന്നു. ധർമ്മശാലകളും മന്ദിരങ്ങളും മറ്റും ഉണ്ടാക്കുകയാണെങ്കിൽ അവയിൽ പിതാവിന്റെ പേര് വെക്കുന്നു കാരണം ആരിൽ നിന്നാണോ സമ്പത്ത് ലഭിച്ചത് തീർച്ചയായും അവർക്ക് വേണ്ടി ചെയ്യുക തന്നെ വേണം. അതും കച്ചവടമല്ലേ.. അതെല്ലാം സ്ഥൂല കാര്യങ്ങളാണ്. ഇപ്പോൾ ബാബ പറയുന്നു കഴിഞ്ഞതിനെക്കുറിച്ച്  ചിന്തിക്കാതിരിക്കൂ. തലതിരിഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ കേൾക്കരുത്. തലതിരിഞ്ഞ കാര്യങ്ങൾ ചോദിക്കുകയാണെങ്കിൽ ഈ കാര്യങ്ങൾ അറിയേണ്ട ആവശ്യമില്ല എന്ന് പറയൂ. നിങ്ങൾ ആദ്യം ബാബയേ ഓർമ്മിക്കൂ. ഭാരതത്തിലെ പ്രാചീന രാജയോഗം പ്രശസ്തമാണ്. എത്രത്തോളം ഓർമ്മിക്കുന്നുവോ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഇത് യൂണിവേഴ്സിറ്റിയാണ്. ഉദ്ദേശ്യ–ലക്ഷ്യം വ്യക്തമാണ്. പുരുഷാർത്ഥം ചെയ്ത് ഇതുപോലെ ആയിതീരണം. ദൈവീകഗുണങ്ങൾ ധാരണ ചെയ്യണം. ആർക്കും യാതൊരു വിധത്തിലുള്ള ദു:ഖവും നൽകരുത്. ദു:ഖഹർത്താവും സുഖകർത്താവുമായ ബാബയുടെ കുട്ടികളല്ലേ. അത് സേവനത്തിലൂടെ മനസ്സിലാകും. പുതിയവർ ധാരാളം വരുന്നുണ്ട്. 25–30 വർഷമായവരേക്കാൾ 10–12 ദിവസമായവർ തീവ്രമായി തീരുന്നു. നിങ്ങൾ കുട്ടികൾ തനിക്ക് സമാനമാക്കുക മാത്രം ചെയ്താൽ മതി. ബ്രാഹ്മണനായില്ല എങ്കിൽ പിന്നെ എങ്ങനെ ദേവതയാകും. ഏറ്റവും മുതിർന്ന ഗ്രാന്റ്ഫാദർ ബ്രഹ്മാവല്ലേ. ആരാണോ ഇതുപോലെ ആയിതീർന്ന് പോകുന്നത് അവരുടെ മഹിമയാണ് പാടുന്നത്, പിന്നീട് തീർച്ചയായും അവർ വരികയും ചെയ്യും. മഹിമ പാടി പുകഴ്ത്തിയിട്ടുള്ള ആഘോഷങ്ങളെല്ലാം കഴിഞ്ഞ് പോയി വീണ്ടും ഉണ്ടാകും. ഈ സമയം എല്ലാം ആഘോഷങ്ങളായിരിക്കുന്നു – രക്ഷാബന്ധൻ മുതലായ എല്ലാം... എല്ലാത്തിന്റേയും രഹസ്യം ബാബ മനസ്സിലാക്കി തന്ന് കൊണ്ടിരിക്കുന്നു. നിങ്ങൾ ബാബയുടെ

കുട്ടികളാണെങ്കിൽ തീർച്ചയായും പാവനമായി തീരണം. പതിതപാവനനായ ബാബയെ വിളിക്കുന്നു അതിനാൽ ബാബ വഴി പറഞ്ഞ് തരുന്നു. കൽപ്പ കൽപ്പം ആരാണോ സമ്പത്തെടുത്തത് അവർ തന്നെയാണ് കൃത്യമായി നടന്ന് കൊണ്ടിരിക്കുന്നത്. നിങ്ങൾ സാക്ഷിയായി കണ്ട് കൊണ്ടിരിക്കുന്നു. ബാപ്ദാദയും സാക്ഷിയായി കാണുന്നു –ഇവർ എത്ര ഉയർന്ന പദവി നേടും? ഇവരുടെ സ്വഭാവം എങ്ങനെയാണ്? ടീച്ചർക്കെല്ലാം അറിയില്ലേ – എത്ര പേരെ തനിക്ക് സമാനമാക്കി, എത്ര സമയം ഓർമ്മയിലിരിക്കുന്നു? ഇത് ഗോഡ്ഫാദറിന്റെ യൂണിവേഴ്സിറ്റിയാണ് എന്ന് ആദ്യം ബുദ്ധിയിൽ ഓർമ്മ വയ്ക്കണം. യൂണിവേഴ്സിറ്റിയിൽ ജ്ഞാനമാണ് നൽകുന്നത്. അത് പരിധിയുള്ള യൂണിവേഴ്സിറ്റിയാണ്. ഇത് പരിധിയില്ലാത്തതാണ്. ദുർഗതിയിൽ നിന്ന് സദ്ഗതി, നരകത്തിൽ നിന്ന് സ്വർഗമാക്കുന്നത് ഒരേയൊരു ബാബയാണ്. ബാബയുടെ ദൃഷ്ടി എല്ലാ ആത്മാക്കളിലേക്കും പോകുന്നു. എല്ലാവർക്കും മംഗളം ചെയ്യണം. എല്ലാവരേയും തിരികെ കൊണ്ട് പോകണം. നിങ്ങളെ മാത്രമല്ല ലോകത്തിലെ എല്ലാ ആത്മാക്കളേയും ഓർമ്മിക്കുന്നു. അതിൽ പഠിപ്പിക്കുന്ന കുട്ടികളുമുണ്ട്. നമ്പറനുസരിച്ച് ആര് വന്നോ അവർ പിന്നീട് നമ്പറനുസരിച്ച് തന്നെ പോകുകയും ചെയ്യും ഇത് മനസിലാക്കുന്നുണ്ട്. എല്ലാ ആത്മാക്കളും നമ്പറനുസരിച്ച് വരുന്നു. നിങ്ങളും എങ്ങനെ നമ്പറനുസരിച്ച് പോകും എന്നതും മനസിലാക്കുന്നു. കൽപ്പം മുമ്പ് എന്ത് ഉണ്ടായോ അത് തന്നെ സംഭവിക്കും. നിങ്ങൾ എങ്ങനെ വീണ്ടും പുതിയ ലോകത്ത് വരുന്നു എന്നും നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. നമ്പറനുസരിച്ച് ആര് പുതിയ ലോകത്ത് വരുന്നുവോ അവർക്ക് തന്നെയാണ് മനസ്സിലാക്കി തരുന്നത്.

നിങ്ങൾ കുട്ടികൾ ബാബയെ അറിഞ്ഞതിലൂടെ സ്വന്തം ധർമ്മത്തേയും മറ്റ് എല്ലാ ധർമ്മങ്ങളെയും, മുഴുവൻ വൃക്ഷത്തേയും മനസ്സിലാക്കുന്നു. ഇതിൽ ഒന്നും തന്നെ യാചിക്കേണ്ട കാര്യമില്ല, ആശീർവ്വാദവും യാചിക്കേണ്ട ആവശ്യമില്ല. ബാബാ ദയ കാണിക്കൂ, കൃപകാണിക്കൂ എന്നെല്ലാം എഴുതാറുണ്ട്. ബാബ ഒന്നും തന്നെ ചെയ്യുന്നില്ല. ബാബ വന്നിരിക്കുന്നത് തന്നെ വഴി പറഞ്ഞ് തരാനാണ്. ഡ്രാമയിൽ എന്റെ പാർട്ട് തന്നെ എല്ലാവരേയും പാവനമാക്കുക എന്നതാണ് കൽപ്പ–കൽപ്പം ഏതൊരു പാർട്ടഭിനയിച്ചോ അത് തന്നെ ഇപ്പോഴും അഭിനയിക്കുന്നു. നല്ലതായാലും, മോശമായാലും എന്ത് കഴിഞ്ഞ് പോയോ അത് ഡ്രാമയിലുള്ളതാണ്. യാതൊരു കാര്യത്തെക്കുറിച്ചും ചിന്തിക്കേണ്ടതില്ല. നമ്മൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഇത് പരിധിയില്ലാത്ത നാടകമല്ലേ. മുഴുവൻ ചക്രവും പൂർത്തിയായാൽ വീണ്ടും ആവർത്തിക്കും. ആര് എങ്ങനെയുള്ള പുരുഷാർത്ഥം ചെയ്യുന്നുവോ അങ്ങനെയുള്ള പദവിയും നേടുന്നു. യാചിക്കേണ്ട ആവശ്യമില്ല. ഭക്തിമാർഗത്തിൽ നിങ്ങൾ ധാരാളം യാചിച്ചു. മുഴുവൻ പണവും പാഴാക്കി. ഇതെല്ലാം ഡ്രാമയിൽ ഉണ്ടാക്കിയതാണ്. അവർ വെറുതേ അങ്ങനെ മനസിലാക്കുന്നു. അരകൽപ്പം ഭക്തി ചെയ്ത്, ശാസ്ത്രം പഠിച്ച് എത്ര നഷ്ടമുണ്ടാക്കി. ഇപ്പോൾ നിങ്ങൾക്ക് ഒന്നും തന്നെ ചിലവാക്കേണ്ട ആവശ്യമില്ല. ബാബ ദാതാവല്ലേ. ദാതാവിന് ആവശ്യങ്ങളില്ല. ബാബ വന്നിരിക്കുന്നത് തന്നെ നൽകുന്നതിന് വേണ്ടിയാണ്. ഞങ്ങൾ ശിവബാബയ്ക്ക് വേണ്ടി നൽകി എന്ന് ചിന്തിക്കരുത്. ശിവബാബയിൽ നിന്ന് വളരെയധികം ലഭിക്കുകയാണ് ചെയ്യുന്നത്. നിങ്ങളിവിടെ കൊടുക്കാൻ വേണ്ടിയല്ലേ വന്നിരിക്കുന്നത്. വിദ്യാർത്ഥികൾ ടീച്ചറിന്റെ അടുത്ത് എടുക്കുന്നതിന് വേണ്ടിയാണ് വരുന്നത്. ആ ലൗകീക അച്ഛനിൽ നിന്നും, ടീച്ചറിൽ നിന്നും, ഗുരുവിൽ നിന്നും നിങ്ങൾ നഷ്ടങ്ങൾ മാത്രം നേടി. ഇപ്പോൾ കുട്ടികൾ ശ്രീമതമനുസരിച്ച് നടക്കണം എങ്കിൽ മാത്രമേ ഉയർന്ന പദവി നേടാൻ സാധിക്കൂ. ശിവബാബ ഡബിൾ ശ്രീ ശ്രീ ആണ്, നിങ്ങൾ സിംഗിൾ ശ്രീയായി മാറുന്നു. ശ്രീ ലക്ഷ്മീ ശ്രീ നാരായണൻ എന്ന് പറയുന്നു. ശ്രീ ലക്ഷ്മീ, ശ്രീ നാരായണൻ രണ്ടായി. വിഷ്ണുവിനെ ശ്രീ ശ്രീ എന്ന് പറയും കാരണം രണ്ട് പേരും കമ്പയിൻഡാണ്. പിന്നെ രണ്ട് പേരേയും അങ്ങനെ ആക്കിയതാരാണ്? അതാണ് ഒരേയൊരു ശ്രീ ശ്രീയായ ശിവബാബ വേറെയൊരു ശ്രീ ശ്രീ ആരും തന്നെയില്ല. ഇന്ന് ശ്രീ ലക്ഷ്മീ, ശ്രീ നാരായണൻ, ശ്രീ സീതാ, ശ്രീ രാമൻ എന്നൊക്കെ പേര് വെക്കാറുണ്ട്. കുട്ടികൾ ഇതെല്ലാം മനസിലാക്കി സന്തോഷത്തിലിരിക്കണം.

ഇന്ന് ആത്മീയ സമ്മേളനങ്ങൾ നടക്കാറുണ്ട്. എന്നാൽ ആത്മീയതയുടെ അർത്ഥമറിയുന്നില്ല. ആത്മീയ ജ്ഞാനം ഒരേയൊരു ബാബയ്ക്കല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. ബാബ എല്ലാ ആത്മാക്കളുടേയും പിതാവാണ്. ബാബയെയാണ് ആത്മീയ പിതാവെന്ന് പറയുന്നത്. ഫിലോസഫിയേയും ആത്മീയം എന്ന് പറയും. ഇത് കാടാണ്, പരസ്പരം എല്ലാവരും ദു:ഖം നൽകുന്നു എന്നും മനസ്സിലാക്കുന്നു. അഹിംസാ പരമോ ദേവീദേവതാധർമ്മം എന്ന് പാടിയിട്ടുണ്ട് എന്നും മനസിലാക്കുന്നു. അവിടെ യാതൊരു അക്രമണങ്ങളും ഉണ്ടാകുന്നില്ല. കോപിക്കുന്നതും ഹിംസയാണ് പിന്നെ അതിനെ സെമി ഹിംസാ എന്നോ, എന്ത് വേണമെങ്കിലും പറയൂ . ഇവിടെ പൂർണമായും അഹിംസകരാകണം മനസാ വാചാ കർമ്മണാ യാതൊരു മോശമായ കാര്യവും ഉണ്ടാകരുത്. ആരെങ്കിലും പോലീസിലോ മറ്റോ ജോലി ചെയ്യുന്നുണ്ടെങ്കിൽ വളരെ യുക്തിയോടെ ജോലി ചെയ്യണം. എത്രത്തോളം കഴിയുമോ അത്രയും

സ്നേഹത്തോടെ ജോലി ചെയ്യണം. ബാബക്ക് സ്വന്തം അനുഭവമുണ്ട്, സ്നേഹത്തോടെ തന്റെ കാര്യങ്ങൾ പൂർത്തീകരിച്ചിരുന്നു, ഇതിൽ വളരെ യുക്തി ആവശ്യമാണ്. ഒന്നിന് നൂറിരട്ടി ശിക്ഷ എങ്ങനെ ഉണ്ടാകുന്നു എന്ന് വളരെ സ്നേഹത്തോടെ മനസ്സിലാക്കി കൊടുക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം

**ധാരണയ്ക്കുളള മുഖ്യമായ സാരം -**

1. നമ്മൾ സുഖ കർത്താ ദു:ഖഹർത്താവിന്റെ മക്കളാണ്, അതിനാൽ ആർക്കും ദു:ഖം നൽകരുത്. ഉദ്ദേശ്യ ലക്ഷ്യത്തെ മുന്നിൽ വെച്ച് ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. തനിക്ക് സമാനമാക്കുന്ന സേവനം ചെയ്യണം.

2. ഡ്രാമയുടെ ഓരോ പാർട്ടും മനസ്സിലാക്കി കഴിഞ്ഞ് പോയ യാതൊരു കാര്യത്തെക്കുറിച്ചും ചിന്തിക്കരുത്. മനസാ വാചാ കർമ്മണാ യാതൊരു മോശമായ കർമ്മവും ഉണ്ടാകരുത് - ഇതിൽ ശ്രദ്ധിച്ച് ഡബിൾ അഹിംസകരാകണം.

**വരദാനം:- ഒരു ബാബയെ കൂട്ടുകാരനാക്കുകയും ആ കൂട്ടുകെട്ടിൽ തന്നെ ഇരിക്കുകയും ചെയ്യുന്ന സമ്പൂർണ്ണ പവിത്ര ആത്മാവായി ഭവിക്കട്ടെ.**

സമ്പൂർണ്ണ പവിത്രാത്മാവ് അവരാണ് ആരുടെയാണോ സങ്കൽപത്തിലും സ്വപ്നത്തിലും പോലും ബ്രഹ്മചര്യത്തിന്റെ ധാരണയുള്ളത്, ഓരോ ചുവടിലും ബ്രഹ്മാബാബയുടെ ആചരണത്തിൽ നടക്കുന്നത്. പവിത്രതയുടെ അർത്ഥം ഇതാണ്- സദാ ബാബയെ കൂട്ടുകാരനാക്കുകയും ബാബയുടെ കൂട്ടുകെട്ടിൽ തന്നെ ഇരിക്കുകയും ചെയ്യുക. സംഘടനയുടെ കൂട്ട്, പരിവാരത്തിന്റെ സ്നേഹത്തിന്റെ മര്യാദ ഇവ വേറെ കാര്യമാണ്, പക്ഷെ ബാബയുടെ കാരണത്താൽ തന്നെയാണ് ഈ സംഘടനയുടെ സ്നേഹത്തിന്റെ കൂട്ടുള്ളത്, ബാബ ഇല്ലായിരുന്നെങ്കിൽ പരിവാരം എവിടുന്ന് വരും. ബാബ ബീജമാണ്, ബീജത്തെ ഒരിക്കലും മറക്കരുത്.

**സ്ലോഗൻ:- ആരുടെയും പ്രഭാവത്തിൽ പ്രഭാവിതരാകുന്നവരല്ല, ജ്ഞാനത്തിന്റെ പ്രഭാവത്തിൽ വരുന്നവരാകൂ.**